**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **14-02-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് കെൽപാം റൈസ് മില്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കല്ലേപുള്ളിയിൽ 2021 ഫെബ്രുവരി 13 ന കെട്ടിട ഉദ്ഘാടനം കഴിഞ്ഞ കെൽപാം റൈസ് മിൽ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നതിനുള്ള കാരണം എന്താണെന്നും ഇതിലേയ്ക്കായി വകുപ്പ് എത്ര കോടി രൂപ ചെലവാക്കിയെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഇവിടെ സ്ഥിര/താൽക്കാലിക നിയമനം നൽകിയെന്നുമുള്ള വിശദാംശം അറിയിക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയിൽ കെൽപാം മോഡേൺ റൈസ് മിൽ 2021 ഫെബ്രുവരി മാസം ഉദ്ഘാടനം കഴിഞ്ഞെങ്കിലും കോവിഡ് മഹാമാരി കാലയളവിൽ 6 മാസം പണി നിർത്തിവയ്ക്കേണ്ടി വന്നതിനാൽ മിൽ പ്രവർത്തനം യഥാസമയം ആരംഭിയ്ക്കാൻ കഴിയാതെ വന്നിട്ടുണ്ട്. മാത്രമല്ല, യഥാസമയം ബാക്കി പണി പൂർത്തീകരിയ്ക്കാൻ കഴിയാത്തത്, കോസ്റ്റ് എസ്കലേഷനും ഇടയാക്കിയിട്ടുണ്ട്.<br><br>DPR പ്രകാരം Project Cost 6,08,41,000/- രൂപയും പ്രവർത്തന മൂലധനം 3,53,00,000/- രൂപയും ചേർത്ത് ആകെ 9,61,40,000/- രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരുന്നത് . ഇതിൽ പദ്ധതി കമ്മീഷൻ ചെയ്തതിനു ശേഷമാണ് പ്രവർത്തന മൂലധനം അനുവദിക്കേണ്ടത് . DPR പ്രകാരം Project Cost ആയ 6,08,41,000/- രൂപയിൽ 5,82,46,401/- രൂപ കെൽപാമിന് നിലവിൽ അനുവദിച്ച് നൽകിയിട്ടുണ്ട് . ഇതിൽ ബാലൻസ് 25,94,599/- രൂപ മാത്രമേ ഈ ഇനത്തിൽ കെൽപാമിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കാൻ ശേഷിക്കുന്നുള്ളൂ .<br><br>പ്രസ്തുത മിൽ പ്രവർത്തന സജ്ജമാക്കുന്നതിന് DPR പ്രകാരം വളരെ അത്യാവശ്യമുള്ള പ്രവൃത്തികൾക്ക് അനുവദിക്കേണ്ട തുക സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കെൽപാമിനോട് ആവശ്യപ്പെട്ടതിൻപ്രകാരം 1,59,68,290/- രൂപയുടെ പ്രൊപ്പോസൽ കെൽപാം ലഭ്യമാക്കിയിട്ടുണ്ട് . പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു .<br><br>മോഡേൺ റൈസ് മിൽ പ്രവർത്തനം ആരംഭിക്കാത്തതിനാൽ നിയമനങ്ങൾ ഒന്നും തന്നെ |

| | | | |
|---|---|---|---|
| | | | നാളിതുവരെ നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത മില്ലിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ കെൽപാം മില്ലിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. പ്രസ്തുത വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷനെ ചുമതലപ്പെടുത്തി വ്യവസായ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (ഡി) | പ്രസ്തുത മില്ലിന്റെ പ്രവർത്തനം പട്ടികജാതിവികസന വകുപ്പ് നേരിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ